DWCD/6981/2023-D3

I/131054/2023

**"ഭരണഭാഷ – മാതൃഭാഷ"**

വനിത ശിശു വികസന
ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം
തീയതി : 08-12-2023

Email -
directorate.wcd@kerala.gov.in
Phone - 0471 – 2346534

## <u>സർക്കുലർ</u>

വിഷയം: വനിത ശിശു വികസന വകുപ്പ് – ഡയറക്ടറേറ്റ് – മനുഷ്യാവകാശ ദിനം - എല്ലാ സർക്കാർ ഓഫീസുകളിലും 2023 ഡിസംബർ 11ന് മനുഷ്യാവകാശ ദിനം ആചരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന: പൊതുഭരണ (ഏകോപന) വകുപ്പിന്റെ 07.12.2023 തീയതിയിലെ സിഡിഎൻ.4/148/2023/പൊഭവ നമ്പർ സർക്കുലർ

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. എല്ലാ വർഷവും ഡിസംബർ 10 മനുഷ്യാവകാശ ദിനമായി ആചരിച്ചു വരുന്നു. 2023 ഡിസംബർ 10 ഞായറാഴ്ചയായതിനാൽ 2023 ഡിസംബർ 11 ◌ാ◌ം തീയതി, 11.00 എ.എം.ന് എല്ലാ സർക്കാർ ഓഫീസുകളിലും മനുഷ്യാവകാശ പ്രതിജ്ഞ എടുക്കുന്നതിന് സൂചന പ്രകാരം സർക്കാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. സൂചന സർക്കുലറിലെ നിർദ്ദേശങ്ങൾ വകുപ്പിന് കീഴിലുള്ള എല്ലാ കാര്യാലയ മേധാവികളും പാലിക്കുന്നതിലേയ്ക്കായി പ്രസ്തുത സർക്കുലറിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

**Signed by Bindu Gopinath**
**Date: 08-12-2023 15:46:37**
for, വനിത ശിശു വികസന ഡയറക്ടർ

എല്ലാ കീഴക്കാര്യാലയ മേധാവികൾക്കും

DWCD/6981/2023-D3

389555/2023/D DWCD

By fax

I/5981078/2023

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം. സിഡിഎൻ.4/148/2023/പൊഭവ.
പൊതുഭരണ (ഏകോപനം) വകുപ്പ്
തിരുവനന്തപുരം,
തീയതി: 07-12-2023

## <u>സർക്കുലർ</u>

വിഷയം:- പൊഭവ- മനുഷ്യാവകാശ ദിനം- വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സർക്കാർ ഓഫീസുകളിലും മനുഷ്യാവകാശ പ്രതിജ്ഞയെടുക്കുന്നതിനുള്ള നിർദ്ദേശം- പുറപ്പെടുവിക്കുന്നു.

എല്ലാ വർഷവും ഡിസംബർ 10 മനുഷ്യാവകാശ ദിനമായി ആചരിച്ചു വരുന്നു. സമൂഹത്തിലെ വിവിധ വിഭാഗങ്ങൾക്കിടയിൽ മനുഷ്യാവകാശ നിയമത്തെ പ്രചരിപ്പിക്കുന്നതിനും, അവബോധം വർദ്ധിപ്പിക്കുന്നതിനുമായി എല്ലാ സർക്കാർ വകുപ്പുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, എയ്ഡഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഈ വർഷവും എല്ലാ സർക്കാർ ജീവനക്കാരും മനുഷ്യാവകാശ പ്രതിജ്ഞയെടുത്തുകൊണ്ട് മനുഷ്യാവകാശ ദിനം ആചരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

മനുഷ്യാവകാശ ദിനമായ 2023 ഡിസംബർ 10 ഞായറാഴ്ചയായതിനാൽ, എല്ലാ വർഷത്തേയും പോലെ ഇക്കൊല്ലവും മനുഷ്യാവകാശദിനത്തോടനുബന്ധിച്ച് <u>2023 ഡിസംബർ 11 ന് രാവിലെ 11.00 മണിയ്ക്ക്</u> എല്ലാ വകുപ്പുമേധാവികളും, ജില്ലാ കളക്ടർമാരും, പൊതുമേഖലാ/ സ്വയംഭരണ സ്ഥാപനങ്ങളുടെ മേധാവികളും, അവരവരുടെ ഓഫീസുകളിലും അതാത് വകുപ്പുകളുടെ ഭരണ നിയന്ത്രണത്തിലുള്ള ഓഫീസുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അന്നേ ദിവസത്തെ അസംബ്ലി സെഷനിലും മനുഷ്യാവകാശ പ്രതിജ്ഞ എടുക്കേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നു.

പ്രതിജ്ഞയുടെ പൂർണ്ണരൂപം ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു.

കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ വകുപ്പ് മേധാവികൾക്കും
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും
ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ, ജഗതി, തിരുവനന്തപുരം.
ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കൻഡറി എഡ്യൂക്കേഷൻ, തിരുവനന്തപുരം.
ഗവർണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം
സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
എല്ലാ പൊതുമേഖലാ, സ്വയംഭരണ സ്ഥാപനങ്ങളുടേയും മേധാവികൾക്ക്
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം
സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള /കാലിക്കറ്റ്/ കുസാറ്റ് /കണ്ണൂർ/മഹാത്മാഗാന്ധി - സർവ്വകലാശാലകൾ
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി, തൃശ്ശൂർ
രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി. പി.ഓ, എറണാകുളം
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് & അലൈഡ് സയൻസസ്, തൃശ്ശൂർ-680 596

1/5981078/2023

രജിസ്ട്രാർ, കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി, ക്യാമ്പ് ഓഫീസ്,
കേരള കാർഷിക സർവ്വകലാശാലാ ക്യാമ്പസ്, മണ്ണുത്തി, തൃശ്ശൂർ
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷൻ സ്റ്റഡീസ്, പനങ്ങാട്,
ഡയറക്ടർ, എനർജി മാനേജ്മെന്റ് സെന്റർ, ശ്രീകൃഷ്ണ നഗർ, ശ്രീകാര്യം, തിരുവനന്തപുരം - 695 017
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
(അതാത് വകുപ്പുകൾക്ക് കീഴിലുള്ള എല്ലാ ഓഫീസുകളിലും പ്രതിജ്ഞാ ചടങ്ങ് സംഘടിപ്പിക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുന്നതിലേയ്ക്കായി)
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (മാധ്യമങ്ങളിലൂടെ വിപുലമായ പ്രചരണത്തിന്)
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ ചേർക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Sreekumar T
സെക്ഷൻ ഓഫീസർ.
Date: 07-12-2023 13:41:05

പകർപ്പ്: ബഹു മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
സ്പീക്കറുടെ/ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയ്ക്ക്
പൊതുഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

<u>മനുഷ്യാവകാശ പ്രതിജ്ഞ</u>

ഞാൻ ഭാരതത്തിന്റെ ഭരണഘടനയിലും ഭാരതത്തിൽ നടപ്പിലാക്കാവുന്ന അന്താരാഷ്ട്ര ഉടമ്പടികളിലൂടെയും സംരക്ഷിക്കപ്പെട്ടിട്ടുള്ള മനുഷ്യാവകാശങ്ങളോട് , നിർവ്യാജമായ വിശ്വസ്തയും കൂറും പുലർത്തുമെന്നും, ഈ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി എന്റെ കർത്തവ്യം നിറവേറ്റുമെന്നും, എല്ലാവരുടെയും മനുഷ്യാവകാശത്തെയും ആത്മാഭിമാനത്തെയും യാതൊരു വിവേചനവും കൂടാതെ ബഹുമാനിക്കുമെന്നും , മറ്റുള്ളവരുടെ മനുഷ്യാവകാശത്തെ നേരിട്ടോ അല്ലാതെയോ പ്രവൃത്തി കൊണ്ടോ, വാക്കു കൊണ്ടോ, എന്റെ ചിന്തയിലൂടെയോ ഹനിക്കുകയില്ലെന്നും, മനുഷ്യാവകാശങ്ങളുടെ അഭിവൃദ്ധിക്കുവേണ്ടി സദാ പ്രതിബദ്ധതയുള്ളവനായിരിക്കുമെന്നും സഗൗരവം പ്രതിജ്ഞ ചെയ്യുന്നു.